പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3755. 26-06-2012 ന് മറുപടിയ്ക്ക്

## വനം വകുപ്പിലെ മാലിന്യ സംസ്കരണം

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി.സി. വിഷ്ണുനാഥ് :

എ) വനം വകുപ്പിന്റെ ഓഫീസുകളിൽ നിന്നും ക്വാർട്ടേഴ്സുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

ബി) ഇതിനായി എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ;

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ.
(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി )

എ) കോന്നി ഇക്കോ ടൂറിസം സെന്ററിൽ ആധുനിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. വഴുതയ്ക്കാട്ടുള്ള വനം വകുപ്പാസ്ഥാനത്ത് നവീകരണത്തിന്റെ ഭാഗമായി ഒരു മാലിന്യ സംസ്കരണ യൂണിറ്റ്, തിരുവനന്തപുരം പി.ടി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, കൊല്ലം സർക്കിളിന് കീഴിലുള്ള കോന്നി ഡിവിഷൻ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) നിലവിലുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങൾ തന്നെയാണ് ഇതിനായി ഉപയോഗിക്കുന്നത്.

....2

സി) ഏത് ഏജൻസിയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ?

സി) തിരുവനന്തപുരം (ഐ.എച്ച്.ആർ.ഡി) ഓഫീസ്, കോമ്പൗണ്ടിൽ മെസേഴ്സ് അന്ത്യോദയ, ടി.ബി. റോഡ്, അങ്കമാലി എന്ന സ്ഥാപനമാണ് ടി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കരാർ ഏറ്റെടുത്തിട്ടുള്ളത്. ആയതിന്റെ പണി പുരോഗതിയിലാണ്. വഴുതക്കാട് വനം വകുപ്പാസ്ഥാനത്ത് ബി.എസ്.എൻ.എൽ. ആണ് ഇതിന്റെ ചുമതല വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ